പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6160 — 31.10.2011 ൽ മറുപടിയ്ക്ക്

ജലസമ്പത്തും വൈദ്യുതോൽപ്പാദനവും

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ. പി.ബി. അബ്ദുൾ റസാക്<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ.എൻ. ഷംസുദ്ദീൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാന വൈദ്യുതി വകുപ്പിനുകീഴിലെ ഡാമുകളിൽ ഇപ്പോഴുള്ള ജലസമ്പത്ത് പരമാവധി പ്രയോജനപ്പെടുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ ; | (എ) 2011 ഒക്ടോബർ 24- ാം തീയതിയിലെ കണക്കുപ്രകാരം വൈദ്യുതി ബോർഡിന്റെ ജലസംഭരണികളിൽ 3388 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ജലം ലഭ്യമാണ്. ഇതു കൂടാതെ കഴിഞ്ഞ 10 വർഷത്തെ ശരാശരി നീരൊഴുക്കിന്റെ കണക്കനുസരിച്ച് 31.05.2012 ന് 4962 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ജലലഭ്യതയുണ്ടാകാമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിൽ നിന്നും 2012 ജൂൺ മാസം 1- ാം തീയതി 550 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദനത്തിന് തത്തുല്യമായ ജലം കരുതൽശേഖരമായി സംഭരണികളിൽ ശേഷിക്കുന്ന രീതിയിൽ വരും ദിനങ്ങളിൽ 31.05.2012 വരെ പ്രതിദിനം ശരാശരി 20 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പൊതു വിപണിയിൽ വിലകുറഞ്ഞ വൈദ്യുതി ലഭിക്കുന്നതിനനുസരിച്ച് ജലവൈദ്യുത ഉല്പാദനത്തിൽ ക്രമീകരണം വരുത്തുന്നതാണ്. |
| (ബി) | ഡാമുകളെല്ലാം ഏറെക്കുറെ നിറഞ്ഞ അവസ്ഥയിലാണെങ്കിലും അതുപയോഗിച്ച് പരമാവധി വൈദ്യുതി ഉല്പാദിപ്പിക്കാനാവാത്ത സ്ഥിതി വിശേഷം നിലനിൽക്കുന്ന | (ബി) വൈദ്യുതി നിലയങ്ങളിലെ അറ്റകുറ്റപ്പണിയിൽ ഏർപ്പെട്ടിട്ടുള്ളവയൊഴികെ എല്ലാമെഷീനുകളും ആവശ്യാനുസരണം |

(.......2)

| | | | |
|---|---|---|---|
| | കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | പ്രവർത്തിപ്പിച്ച് പരമാവധി ഉല്പാദനം നടത്തിക്കൊണ്ടിരിക്കുകയാണ്. |
| (സി) | ജനറേറ്ററുകളെല്ലാം പ്രവർത്തിപ്പിക്കാനാവാത്തതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | (സി) | അപകടത്തിൽപ്പെട്ട് പുനർനിർമ്മാണം നടക്കുന്നതും കേടുപാടുകൾ മൂലവും, വാർഷിക അറ്റകുറ്റപണികൾക്കായും നിർത്തിവെച്ചിരിക്കുന്നതുമായ മെഷീനുകൾ കഴിയുന്നതും വേഗം പണിപൂർത്തീകരിച്ച് ഉല്പാദനം പുനരാരംഭിക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ